അംഗീകൃത സ്കൂളുകളിലെ അദ്ധ്യാപകരുടെ കോൺട്രിബ്യൂട്ടറി പ്രോവിഡൻറ് ഫണ്ട്

935. [1376] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിക്ക അംഗീകൃത സ്കൂളുകളിലും അദ്ധ്യാപകരുടെ ശമ്പളത്തിൽ നിന്നും "കോൺട്രിബ്യൂട്ടറി പ്രോവിഡൻറ്" ഫണ്ടിലേക്ക് വരിസംഖ്യ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും മാനേജുമെൻറുകൾ പ്രസ്തുത ഫണ്ടിലേക്ക് തുക അടച്ചിട്ടില്ലെന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) എല്ലാ അംഗീകൃത സ്കൂളുകളിലും ടീച്ചേഴ്സ് വെൽഫയർ ഫണ്ട് ഏർപ്പെടുത്താൻ വേണ്ട നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇക്കാര്യം ഇതുവരെയും ഗവൺമെൻറ് പരിശോധിച്ചിട്ടില്ല.

പരിഷ്കരിച്ച എസ്. എസ്. എൽ. സി. പുസ്തകം

936. [1377] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിഷ്ക്കരിച്ച എസ്. എസ്. എൽ. സി. പുസ്തകം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിൻെറ വിശദവിവരങ്ങൾ പറയാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഷ്ക്കരിച്ച എസ്. എസ്. എൽ. സി. പുസ്തകം 1987 മാർച്ച് മുതൽ നടപ്പിൽ വരുത്തുന്നതാണ്. വിദ്യാർത്ഥിയെ സംബന്ധിച്ച് താഴെ പറയുന്ന കൂടുതൽ വിവരങ്ങൾ ബുക്കിൽ ഉണ്ടായിരിക്കും

1. ബന്ധപ്പെട്ട ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തിയ വിദ്യാർത്ഥിയുടെ 5.7 സെ. മീ x 5.3 സെ.മീ. വലിപ്പത്തിലുള്ള ഫോട്ടോ പതിക്കണം.

2. വിദ്യാർത്ഥിയുടെ ഇടതുകയ്യിലെ പെരുവിരലടയാളം ബുക്കിൽ പതിക്കണം.

3. വിദ്യാർത്ഥിയുടെ ബ്ലഡ് ഗ്രൂപ്പ് രേഖപ്പെടുത്തണം.

4. പീരിയോക്കേഷണൽ വിഷയങ്ങളിലുള്ള കുട്ടിയുടെ നിലവാരം രേഖപ്പെടുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

മറ്റ് പല സംസ്ഥാനങ്ങളിലെയും പോലെ എസ്. എസ്. സി. എന്ന് പരീക്ഷയുടെ പേര് വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. പുതിയ ചോദ്യമാതൃക ക്കനുസൃതമായി മൊത്തം മാർക്ക് 1200 ആക്കിയത് എസ്. എസ്. സി. ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കെട്ടിലും മട്ടിലും വലിപ്പത്തിലും ഉള്ളടക്ക ത്തിലും വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രയോജനപ്രദമായിരിക്കും പുതിയ എസ്. എസ്. സി. പുസ്തകം.

വിദ്യാഭ്യാസത്തിന് പ്രതിവർഷം ചെലവാകുന്ന തുക

938. [1378] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേരളത്തിൽ ഒരു കൊല്ലം വിദ്യാഭ്യാസത്തിനുവേണ്ടി എന്ത് തുക യാണ് ഖജനാവിൽനിന്നും ചെലവ് ചെയ്യുന്നത് ;

(ബി) ഇതിൽ സഹകാര്യമേഖലയിലെ, കോളേജുകൾ, സ്കൂളുകൾ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഈ വർഷം നീക്കിവച്ച തുക എത്ര യെന്ന് വ്യക്തമാക്കാമോ ;

(സി) സഹകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടി കഴിഞ്ഞവർഷം നീക്കിവച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊതു വിദ്യാഭ്യാസത്തിനുവേണ്ടി 1985-86-ൽ 332.15 കോടി രൂപ ചെലവായിട്ടുണ്ട്. 1986-87-ൽ 374.74 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി 1984-85-ൽ 38.67 കോടി രൂപയും 1985-86-ൽ 43.04 കോടി രൂപയും ചെലവായിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസത്തിനായി 13.61 കോടി രൂപ 1985-86-ൽ ചെലവായിട്ടുണ്ട്.

(ബി) പ്രൈവറ്റ് സ്കൂളുകൾക്കുവേണ്ടി 1986-87-ൽ 203.57 കോടി രൂപയും പ്രൈവറ്റ് കോളേജുകൾക്കായി 43.67 കോടി രൂപയും നീക്കിവച്ചി ട്ടുണ്ട്. സഹകാര്യ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ ഇവകൾക്കായി 1986-87-ൽ 2.47 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(സി) പ്രൈവറ്റ് സ്കൂളുകൾക്കുവേണ്ടി 177.80 കോടി രൂപയും പ്രൈവറ്റ് കോളേജുകൾക്കുവേണ്ടി 33.16 കോടി രൂപയും നീക്കിവച്ചിരുന്നു. പ്രൈവറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടി 1985-86-ൽ 2.09 കോടി രൂപ നീക്കിവച്ചിരുന്നു.

കണ്ണൂർ ജില്ലയിലെ എഞ്ചിനീയറിംഗ് കോളേജിൽ നിയമനം

939. [1379] ശ്രീ. ഒ. ഭരതൻ :
,, കെ. പുരുഷോത്തമൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :
ശ്രീമതി പി. ദേവൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഈ വർഷം ആരംഭിക്കുമെന്ന് പ്രഖ്യാപിക്ക പ്പെട്ട എഞ്ചിനീയറിംഗ് കോളേജിൽ ഇതേവരെ ആവശ്യമായ ഉദ്യോഗ നിയമന ങ്ങളൊന്നും നടന്നിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly